**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരസഭാ ജീവനക്കാര്യം - നെയ്യാറ്റിൻകര നഗരസഭാ മുൻ ഹെൽത്ത് സൂപ്പർവൈസർ ശ്രീ. നോബിൾ സാമുവൽ, മുൻ സൂപ്രണ്ട് ശ്രീ. എ. ചന്ദ്രൻ എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2027/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 29.06.2016.

==================================================================

**പരാമർശം :** 1) വിജിലൻസ് ഡയറക്ടറുടെ 22.04.2014-ലെ ഇ1 (എസ്.സി 66/2013/റ്റി.വി.എം) 32207/2013 നമ്പർ കത്ത്.

2) 04.12.2015 ലെ 63159/EU2/14/LSGD നമ്പർ സർക്കാർ കത്ത്.

3) നഗരകാര്യ ഡയറക്ടറുടെ 08.04.2016 ലെ വി1-20781/ 2015/നകവ നമ്പർ കത്ത്.

**ഉത്തരവ്**

നെയ്യാറ്റിൻകര നഗരസഭയിൽ 09.09.2013-ൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ എന്നിവയിൽ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കാത്തതിന് ഉത്തരവാദികളായി കണ്ടെത്തിയ ജീവനക്കാരായ ഹെൽത്ത് സൂപ്പർവൈസർ ശ്രീ. നോബിൾ സാമുവൽ, സൂപ്രണ്ട് എ. ചന്ദ്രൻ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം വിശദീകരണം ആവശ്യപ്പെട്ടു. എന്നാൽ ടി ജീവനക്കാർ യഥാക്രമം 31.05.2014, 31.05.2015 എന്നീ തീയതികളിൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഹെൽത്ത് സൂപ്പർവൈസർ ശ്രീ. നോബിൾ സാമുവൽ, സൂപ്രണ്ട് എ. ചന്ദ്രൻ എന്നിവർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാലും ടിയാളുകൾക്കെതിരെ വിജിലൻസ് വിഭാഗം ആരോപിച്ചിട്ടുള്ള കുറ്റം ഗൗരവമുള്ളതല്ലാത്തതിനാലും ടിയാളുകൾക്കെതിരെ ഉണ്ടായിട്ടുള്ള വീഴ്ചകൾക്ക് മാപ്പ് നൽകാവുന്നതാണ്.

ഈ സാഹചര്യത്തിൽ നെയ്യാറ്റിൻകര നഗരസഭാ മുൻ ഹെൽത്ത് സൂപ്പർവൈസർ ശ്രീ. നോബിൾ സാമുവൽ, മുൻ സൂപ്രണ്ട് ശ്രീ.എ. ചന്ദ്രൻ എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ്

പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ നഗരകാര്യ ഡയറക്ടർ സ്വീകരിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)**
**രത്നമ്മ.വി,**
**ജോയിന്റ് സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
ശ്രീ. നോബിൾ സാമുവൽ, റിട്ടയേർഡ് ഹെൽത്ത് സൂപ്പർവൈസർ
(നഗരകാര്യ ഡയറക്ടർ മുഖേന)
ശ്രീ. എ. ചന്ദ്രൻ, റിട്ടയേർഡ് സൂപ്രണ്ട് (നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് (ഡി) വകുപ്പ് (vide 5115/ഡി1/2016 വിജി. തീയതി 27.05.2016)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**